# Weekly Devotion - January 2019
# Swear an oath to the Lord ( Gen :14:23)
## (ദൈവത്തോട് ചെയ്യുന്ന പ്രതിജ്ഞ)




ഒരിക്കൽ ഒരു പതിനാലു വയസ്സുകാരൻ ചെസ്സുകളിയിൽ തന്റെ എതിരാളിയായ അമ്മാവനോട് കള്ളക്കളി ഉപയോഗിച്ച് ജയിച്ചു. തോൽവി അമ്മാവന് സംഭവിച്ചത് താൻ ശരിക്ക് കളിച്ചിട്ടാണെന്ന് അവൻ കൈ ഉയർത്തി സത്യം ചെയ്തു. മറുപടി ഒന്നും പറയാതെ അമ്മാവൻ ഒരു ചെറു പുഞ്ചിരിയോടെ തന്റെ മുറിയിലേക്ക് പോയി. ഊണു കഴിക്കുവാൻ വിളിക്കുവാൻ മുറിയിൽ കയറി വന്ന ബാലൻ കാൺകെ അലമാരിയിൽ രൂപവച്ചശേഷം ഒരു പുഞ്ചിരി നൽകി അദ്ദേഹം മുറിയിൽ നിന്ന് പുറത്തിറങ്ങി. തന്നെ പരീക്ഷിക്കുവാനുള്ള പ്രവൃത്തിയാണെന്ന് മനസ്സിലാക്കിയ ബാലൻ ഒന്നും മിണ്ടാതെ മുറിയിൽ നിന്നുമിറങ്ങി. കുറ്റബോധം മൂലം ആഹാരമുപേക്ഷിച്ച് മുറിയിലിരുന്ന ബാലന്റെ അടുക്കൽ ചെന്ന് അവൻ ചെയ്ത തെറ്റിന്റെ ആഴം മനസ്സിലാക്കി നൽകി ആ നല്ല അമ്മാവൻ.

കള്ളം ചെറുതായാലും വലുതായാലും കള്ളം തന്നെയാണ്. മനുഷ്യർ യഹോവയെ നോക്കി കൈ ഉയർത്തി സത്യം ചെയ്യുന്നു എന്ന് പറയുമ്പോൾ യഹോവയെ സാക്ഷിയാക്കി എന്നാണ് അർത്ഥം. ഒരു വ്യക്തി സാക്ഷിയാകുമ്പോൾ തന്റെ അക്ഷികൊണ്ട് കണ്ടകാര്യങ്ങൾ ആണ് നാവുകൊണ്ട് ഉച്ചരിക്കേണ്ടത്. യഹോവ വ്യാജം സംസാരിക്കുന്നില്ല കൂടാതെ അവൻ സകലവും കാണുകയും അറിയുകയും ചെയ്യുന്നു. അബ്രാം, സ്വർഗ്ഗത്തിനും ഭൂമിയ്ക്കും നാഥനായ അത്യുന്നത ദൈവമായ യഹോവയിങ്കലേക്ക് കൈ ഉയർത്തി സത്യം ചെയ്തു എന്ന് ഉല്പ:(14:23) ൽ കാണുന്നു. **" An Oath means words used to make a solemn promise"** ആ സത്യം നിലനില്ക്കുന്നതും മാറ്റം വരാത്തതുമായിരിക്കണം.

നീരോട്ടമുള്ള സ്ഥലം തേടിപ്പോയ ലോത്തിന്റെ സമ്പത്ത് നഷ്ടപ്പെടുകയും ബന്ധനസ്ഥനാകുകയും ചെയ്തു എന്നറിഞ്ഞ അബ്രാം '318' അഭ്യാസികളുമായി ചെന്ന് നഷ്ടമായത് സകലതും മടക്കിവാങ്ങി. മടങ്ങിവന്ന ജയാളികളെ സോദോം രാജാവായ മൽക്കിസേദക്ക് സ്വീകരിച്ചു. കനാന്യനായ അദ്ദേഹം ഇയ്യോബിനെപ്പോലെ യിസ്രായേല്യനല്ലാത്ത ഭക്തനായിരുന്നു. യേശു ക്രിസ്തുവിന്റെ രാജത്വത്തിനും പൗരോഹിത്വത്തിനും നിഴലായതും,അബ്രാമിനേക്കാൾ ശ്രേഷ്ഠനുമായ മല്ക്കിസേദക്കിനോട് അബ്രാം ഒന്നും വാങ്ങിയില്ല എന്നു മാത്രമല്ല തന്റെ കൊള്ളയുടെ പത്തിലൊന്ന് കൊടുക്കുകയും ചെയ്തു. ദശാംശം

സ്വീകരിച്ച നീതിയുടെ രാജാവായ ശാലോം രാജാവിൽ നിന്ന് അനുഗ്രഹവും അവന് ലഭിച്ചു. (എബ്രാ:7:1-3). അബ്രാം കൈഉയർത്തി ഒന്നും വാങ്ങുകയില്ല എന്ന് സത്യം ചെയ്തതിന്റെ കാരണം കനാന്യരുടെ സമ്പാദ്യം അവനാഗ്രഹിക്കുന്നില്ല എന്നതിനാലത്രെ. അത് ദൈവം തനിക്ക് തരുന്നത് മാത്രം മതി എന്ന ചിന്ത മൂലമാണ്. നമുക്കുള്ള അല്പം കർത്താവിന്റെ കരങ്ങളിൽ നൽകിയാൽ അത് വർദ്ധിക്കുമെന്ന് അബ്രാമിനും അറിയാമായിരുന്നു. അതിനാലാണ് തന്റെ പ്രവൃത്തി കണ്ട സാക്ഷി എന്ന നിലയിൽ കൈ ഉയർത്തി സത്യം ചെയ്തത്.

മുകളിൽ പറഞ്ഞ സംഭവത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള വിശ്വസ്തതയുടെ ഉടമ്പടിയാണെങ്കിൽ അടുത്തത് മനുഷ്യനും മനുഷ്യനും തമ്മിൽ കൈ കൊടുക്കുന്ന വിശ്വസ്തതയുടെ ഉടമ്പടിയാണ്. വിഗ്രഹാരാധിയും വിശ്വാസത്യാഗിയുമായ ആഹാബിന്റെ ഗൃഹത്തിനുണ്ടാകുന്ന വീഴ്ചയെപ്പറ്റി ഏലിയാവ് പ്രവചിച്ചിരുന്നു. (1 രാജ:2:19-24) ഈ പ്രവർത്തിക്കായി തിരഞ്ഞെടുത്ത യേഹു ഏലിശാ പ്രവാചകനയച്ച പ്രവാചക ശിക്ഷ്യനാൽ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. (2 രാജ:9: 1-6) യഹോവയുടെ പ്രതികാരം രാജാവായ ആഹാബിന്റെയും, ഭാര്യ ഇസബേലിന്റെയും മേൽ മാത്രമല്ല അവരുടെ എഴുപത് മക്കളുടെമേലും യേഹു നടപ്പിലാക്കി എന്ന് 2 ദിന :(10:7) ൽ കാണുന്നു. അവരുമായി ബന്ധമുള്ള സകലരേയും ഉന്മൂലമാക്കിയതിനു ശേഷമാണ് യേഹു യോനാദാബിനെ കാണുന്നത്. യോനാദാബിന്റെ അനുഗ്രഹ വാക്കുകൾ കേട്ട യേഹു, പഴയ വിശ്വാസവും സ്നേഹവും ഉണ്ടെങ്കിൽ കൈ തരുവാൻ ആവശ്യപ്പെട്ടു. (2 രാജ:10:15). സുഹൃത്തുകളുടെ പരസ്പര വിശ്വാസം നിലനിൽക്കുന്നതിന്റെ അടയാളമാണ് കൈകൊടുക്കുക എന്നത് അതായത് സൗഹൃദത്തിന്റെയും കൂട്ടായുടേയും പൂർണ്ണതയുടെ അടയാളം ആണ്. ഈ ഗൗരവതരമായ സത്യം മനസ്സിലാക്കി നല്ല നിലത്ത് വീണ വിത്തുപോലെ നല്ല ഹൃദയത്തിൽ സംഗ്രഹിച്ച് നന്മയുള്ളവരായി ജീവിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല എന്നരുളിയ സർവ്വശക്തന്റെ കരം ഗ്രഹിച്ച് അദ്ദേഹവുമായുള്ള കൂട്ടായ്മകളിൽ 2019 ൽ യാത്രചെയ്യുവാൻ ദൈവം കൃപചെയ്യട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind